**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1050** **12-06-2024 - ൽ മറുപടിയ്ക്ക്**

**മഴക്കാലത്തെ കടൽക്ഷോഭം തടയാൻ നടപടി-കോഴിക്കോട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഴക്കാലം ശക്തമാകുന്നത് മൂലമുള്ള കടൽക്ഷോഭം തടയുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മഴക്കാലമുന്നൊരുക്കത്തിന്റെ ഭാഗമായി അടിയന്തരമായി നടപ്പിലാക്കേണ്ട കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 9 തീരദേശ ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് 2711-02-103-99-34-03-0-NP എന്ന ശീർഷകത്തിൽ നിന്നും 25 ലക്ഷം രൂപ വീതം അനുവദിക്കുകയുണ്ടായി. കൂടാതെ ജില്ലാ ദുരന്തനിവാരണ ഫണ്ട് ഉപയോഗപ്പെടുത്തിയും ഇത്തരത്തിലുള്ള അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ നടപ്പിലാക്കാറുണ്ട്. |
| (ബി) | കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ ഉൾപ്പെട്ട തീരദേശ മേഖലയിലെ കടൽക്ഷോഭം തടയുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ ഉൾപ്പെട്ട കപ്പക്കൽ തീരപ്രദേശത്ത് തകർന്ന കടൽ ഭിത്തി പുനരുദ്ധാരണ പ്രവൃത്തിക്കായി അനുവദിച്ച 40 ലക്ഷം രൂപ ഉപയോഗിച്ച് കടൽ ഭിത്തി പുനരുദ്ധാരണ പ്രവൃത്തി 2023-24 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 2023-24 ലെ ASE പ്ലാൻ ഇനത്തിൽ കപ്പക്കൽ കോയവളപ്പിലെ കടൽ ഭിത്തി പുനരുദ്ധാരണത്തിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയുമാണ്. നിലവിൽ സൗത്ത് നിയോജക മണ്ഡലത്തിലെ കല്ലായി അഴിമുഖത്ത് രണ്ട് പുലിമുട്ടുകളുടെ നീളം ദീർഘിപ്പിക്കുന്ന പ്രവൃത്തി പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ